**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **29-08-2022 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി ആംബുലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ബ്ലോക്കുകളിലാണ് മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 2 മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ RKI പദ്ധതി പ്രകാരം എറണാകുളം, കണ്ണൂർ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. RKVY പദ്ധതി പ്രകാരം 3 മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ (ഓരോ ആംബുലൻസുകൾ വീതം) പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനും ആശുപത്രിയിലെ തിരക്ക് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് 12 മൊബൈൽ ടെലി സർജറി യൂണിറ്റ് ജില്ലകളിലെ വിവിധ ഇടങ്ങളിൽ തുടങ്ങുവാൻ ആവശ്യമായ വാഹനവും അതിലേക്കുള്ള ഉപകരണങ്ങളും വാങ്ങുവാനുള്ള നടപടി അന്തിമഘട്ടത്തിലാണ്.<br><br>മൃഗസംരക്ഷണ മേഖലയിൽ നൂതന പരിശോധന രീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുമുറ്റത്ത് എത്തിക്കുക എന്ന ഉദ്ദേശത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിന് വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. കർഷകന് ഏറ്റവും അടുത്തുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റ് വഴി സേവനം നൽകുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വെറ്ററിനറി സർജൻ, പാരാ വെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരുടെ സേവനം ഓരോ യൂണിറ്റിലും ലഭ്യമാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.<br><br>ബ്ലോക്കുകൾക്ക് പ്രത്യേകമായി മൊബൈൽ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വെറ്ററിനറി ആംബുലൻസ് ലഭ്യമാക്കുന്നതിന് നടപടികൾ | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 2 |

| | | | |
|---|---|---|---|
| | ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | | മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ RKI പദ്ധതി പ്രകാരം എറണാകുളം, കണ്ണൂർ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. RKVY പദ്ധതി പ്രകാരം 3 മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ (ഓരോ ആംബുലൻസുകൾ വീതം) പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനും ആശുപത്രിയിലെ തിരക്ക് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് 12 മൊബൈൽ ടെലി സർജറി യൂണിറ്റ് ജില്ലകളിലെ വിവിധ ഇടങ്ങളിൽ തുടങ്ങുവാൻ ആവശ്യമായ വാഹനവും അതിലേക്കുള്ള ഉപകരണങ്ങളും വാങ്ങുവാനുള്ള നടപടി അന്തിമഘട്ടത്തിലാണ്.<br><br>മൃഗസംരക്ഷണ മേഖലയിൽ നൂതന പരിശോധന രീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുമുറ്റത്ത് എത്തിക്കുക എന്ന ഉദ്ദേശത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിന് വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. കർഷകന് ഏറ്റവും അടുത്തുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റ് വഴി സേവനം നൽകുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വെറ്ററിനറി സർജൻ, പാരാ വെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരുടെ സേവനം ഓരോ യൂണിറ്റിലും ലഭ്യമാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.<br><br>ബ്ലോക്കുകൾക്ക് പ്രത്യേകമായി മൊബൈൽ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ